(ഡി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ആകെ പ്രോജക്ടുകളുടെ സ്ഥിതി അനുസരിച്ച് പ്രോജക്ട് ഡിവിഷനുകളുടെ അതിർത്തി പുനഃക്രമീകരിക്കുവാനാണ്. പ്രസ്തുത വിഷയം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഇ) തളിപ്പറമ്പ് ഡിവിഷൻ ഓഫീസ് ശ്രീകരിച്ചപ്പോൾ മട്ടന്നൂർ പ്രോജക്ട് ഡിവിഷനിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തിക തളിപ്പറമ്പിലേയ്ക്ക് മാറ്റിയതിനാൽ നിലവിൽ മട്ടന്നൂർ പ്രോജക്ട് ഡിവിഷനിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തിക ഇല്ല.

കൊട്ടർകോണം കളത്തിന്റെ നവീകരണം

204 (905) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ കൊട്ടർകോണം കളത്തിന്റെ നവീകരണ ശ്രവീകരണ പ്രവർത്തികൾക്കായി എന്ത് തുക ചെലവഴിച്ചുവെന്നും പ്രസ്തുത കളത്തിന്റെ നവീകരണ ശ്രവീകരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വിശദമാക്കുമോ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിലെ കൊട്ടർകോണം കളത്തിന്റെ ശ്രവീകരണ പ്രവൃത്തികൾക്കായി 92,626 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റേതല്ലാത്ത ചില തടസ്സങ്ങൾ നേരിട്ടതിനാൽ പ്രസ്തുത പ്രവൃത്തി ഫോർഫ്യൂസ് ചെയ്തിരിക്കുകയാണ്. പുതുക്കിയ എസ്റ്റിമേറ്റ് വകുപ്പ് തലത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ള പദ്ധതി

205 (906) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങളാണ് ബാക്കിയുള്ളത് എന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി 2016 മാർച്ച് 31-ന് മുൻപ് കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. താഴെ പറയുന്ന പണികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്.

(1) കാരേറ്റ് പമ്പ്ഹൗസിൽ റോ വാട്ടർ പമ്പ് സെറ്റും ക്ലിയർ വാട്ടർ പമ്പ് സെറ്റും സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന ജോലികൾ.

(2) കാരേറ്റ് ട്രാൻസ്ഫോർമർ റൂമിന്റെ നിർമ്മാണം.

(3) കാരേറ്റ് ട്രാൻസ്ഫോർമർ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പണികൾ.

(4) തട്ടത്തുമല പമ്പ് ഹൗസിൽ പമ്പ് സെറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പണികൾ.

(5) തട്ടത്തുമലയിൽ ട്രാൻസ്ഫോർമർ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പണികൾ.

(ബി) മേൽ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിച്ച് വൈദ്യുതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ 2,347.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി

206 (907) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളത്;

(സി) വിതരണത്തിനാവശ്യമായ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly